**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **02-02-2024 - ൽ മറുപടിയ്ക്ക്**

**പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | 06.11.2020 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. 182/2020/കാ.യു.വ. പ്രകാരം 72.12 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ 68.67 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി, ടോയ്ലറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ്, ഫ്ലെഡ് ലൈറ്റ് അനുബന്ധ സിവിൽ & ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് നിർമ്മിക്കുന്നത്. ഗ്യാലറി, ടോയ്ലറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഡിയം അടിയന്തരമായി നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്കായി തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾ 2024 ഫെബ്രുവരി മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. പ്രവൃത്തി പൂർത്തീകരിച്ചാലുടൻ ജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ